5186
9/3/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (നിലവിൽ പള്ളുരുത്തി ബ്ലോക്ക്) ശ്രീ.കെ.ജി.ബാബുവിന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലുള്ള നിരീക്ഷണകാലം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.614/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 06.03.2017.

---

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 25.01.2017-ലെ 9584/ബി1/16/സി.ആർ.ഡി. നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 27.01.2017-ലെ എസ്റ്റാ.ബി1/2016/സി.ആർ.ഡി. നമ്പർ കത്ത്.

ഉത്തരവ്

പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (നിലവിൽ പള്ളുരുത്തി ബ്ലോക്ക്) ശ്രീ.കെ.ജി.ബാബുവിന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലുള്ള നിരീക്ഷണകാലം 19.08.2013 മുതൽ ഒരു വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കുവാൻ പാസ്സാകേണ്ട അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടിയാൻ പാസ്സായത് 02.02.2016-ൽ ആണ്. ആയതിനാൽ ശ്രീ.കെ.ജി.ബാബുവിന്റെ നിരീക്ഷണകാലം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2)-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.ജി.ബാബു 02.02.2016-ൽ ടെസ്റ്റ് പാസ്സായ സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ കാലം 19.08.2014 മുതൽ 03.02.2016 വരെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സന്തോഷ് കുമാർ എസ്.ആർ.
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.കെ.ജി.ബാബു, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ